പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1267 — 20/01/2014 ൽ മറുപടിയ്ക്ക്

## യൂണിക് തണ്ടപ്പേർ നമ്പർ കാർഡ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. രാജു | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് യൂണിക് തണ്ടപ്പേർ നമ്പർ കാർഡ് നൽകുന്നതിന് ആലോചന ഉണ്ടോ; എങ്കിൽ പ്രാരംഭ നടപടി ആരംഭിച്ചിട്ടുണ്ടോ; | (എ) ഈ പദ്ധതി സംബന്ധിച്ച വിശദമായ പ്രോജക്ട് റിപ്പോർട്ട് കേരള സർക്കാർ വഴി കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത കാർഡ് നൽകുന്നതുകൊണ്ടുള്ള നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (ബി) ഒരു പൗരനെ സംബന്ധിക്കുന്ന അത്യാവശ്യ വിവരങ്ങളെല്ലാം തന്നെ ഈ കാർഡിൽ ലഭ്യമാക്കുന്നതുവഴി പൊതുജനങ്ങൾക്ക് വിവിധ ആവശ്യങ്ങൾക്കായി പല ഓഫീസുകൾ കയറിയിറങ്ങേണ്ട ദുരവസ്ഥയ്ക്ക് പൂർണ്ണമായ പരിഹാരം കണ്ടെത്തുവാൻ സാധിക്കുന്നതാണ്. ഇതു കൂടാതെ പൊതുജന സേവകരായ സർക്കാർ ഉദ്യോഗസ്ഥരുടെ ജോലിഭാരവും ഗണ്യമായി കുറയ്ക്കാൻ ഇതുമൂലം സാധിക്കും. സുതാര്യതയും വേഗതയും ഉറപ്പുവരുത്തുന്നതുവഴി അഴിമതി, സേവനമേഖലയിൽ നിന്നും ഒഴിവാക്കുവാനും ഈ പദ്ധതി കൊണ്ട് സാധിക്കും എന്നത് ഈ പദ്ധതിയുടെ ഒരു വ്യത്യസ്തതയാണ്. അതിൻ പ്രകാരം പാലക്കാട്, പത്തനംതിട്ട, കണ്ണൂർ എന്നീ ജില്ലകളിൽ പൈലറ്റടിസ്ഥാനത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ